"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.മോളമ്മ, കിഴക്കേഅറ്റത്ത്, പുത്തൻവീട്, താന്നിക്കുന്ന്.പി.ഒ, ആലപ്പുഴ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.459/2026/ID തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 23.04.2020 ലെ ഡിഎ/214/എംഎം/19 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീമതി.മോളമ്മ, കിഴക്കേഅറ്റത്ത്, പുത്തൻവീട്, താന്നിക്കുന്ന്.പി.ഒ, ആലപ്പുഴ 31.05.2020 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റിഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 17.03.2025 തീയതിയിലെ ഡിഎംജി/287/2025-എം1 നമ്പർ കത്ത്.

**ഉത്തരവ്**

മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ അനധികൃത ഖനനം നടക്കുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബ്ലോക്ക് നം.6ൽ സർവ്വേ നം. 491/2-2 ൽപ്പെട്ടതും അപ്പീൽ ഹർജിക്കാരിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തു നിന്നും അനധികൃതമായി 480 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്തതായി ബോധ്യപ്പെട്ടതായും ആയതിനാൽ ടി അനധികൃത ഖനനത്തിന് റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 53,800/- രൂപ ഒടുക്കണമെന്നും ആവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് 23.04.2020 തീയതിയിൽ നൽകിയ പരാമർശം (1) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.മോളമ്മ, കിഴക്കേഅറ്റത്ത്, പുത്തൻവീട്, താന്നിക്കുന്ന്.പി.ഒ, ആലപ്പുഴ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

2. അപ്പീൽ കക്ഷി ചുവടെ ചേർത്തിരിക്കും പ്രകാരം അപ്പീൽ ഹർജിയിൽ വാദിച്ചിരുന്നു.

ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ നോട്ടീസിൽ പറയുന്ന അളവിൽ സാധാരണ മണ്ണ് നീക്കം ചെയ്തിട്ടില്ല. വിലയാധാരം വാങ്ങിയ ടി വസ്തുവിൽ ഒരു പഴയ ഓടിട്ട വീട് ഉണ്ടായിരുന്നു. ടി വീട് തകർന്നു വീഴുകയും ആയത് നീക്കം ചെയ്യുകയുമാണ് ചെയ്തത്. വേസ്റ്റ് (waste) നീക്കം ചെയ്യുന്നതിന് അനുമതി ആവശ്യമില്ലാത്തതിനാൽ ആയത് അനധികൃതമാകില്ല. 10.5 സെന്റ് നിരപ്പായ സ്ഥലമാണ് തനിക്കുള്ളത്. അതിൽ നിന്നും 480MT സാധാരണ മണ്ണ് ഖനനം നടത്തി നീക്കം ചെയ്യുക എന്നത് സാധ്യമല്ല. ടി വസ്തുവിലേക്ക് ടിപ്പറോ, ലോറിയോ വരുന്ന വഴിയില്ല.അനധികൃത ഖനനം നടന്നിട്ടും വില്ലേജ്-ആഫീസറുടെ നിരോധന (Stop memo ) ഉത്തരവ് നല്കിയിട്ടില്ല. ഡിമാന്റ് നോട്ടീസിൽ ഒരിടത്തും താൻ ഈ കുറ്റകൃത്യം നടത്തിയ തീയതിയോ സമയമോ ഒന്നു

രേഖപ്പെടുത്തിയിട്ടില്ല. മഹസ്സറിൽ കൃത്യസമയം രേഖപ്പെടുത്തേണ്ടതാണ്. സ്ഥലം പരിശോധന നടത്തിയ റവന്യൂ വകുപ്പിലെയും, ജിയോളജി വകപ്പിലെയും ഉദ്യോഗസ്ഥർ തന്നെ അറിയിക്കുകയോ ബോധ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 23.24. 2020 -ലെ ഡിമാന്റ് നോട്ടിസല്ലാതെ മറ്റൊരു അറിയിപ്പം ലഭിച്ചിട്ടില്ല . തന്റെ ഭർത്താവ് ഒരു പ്രമേഹരോഗിയാണ്. പ്രമേഹം കൂടി കാൽ വിരൽ നീക്കം ചെയ്തിരിക്കുകാണ്. ഒരു വിരൽ കൂടി നീക്കം ചെയ്യണം. ജീവിതച്ചിലവും ആശുപത്രിച്ചിലവും കണ്ടെത്താൻ വളരെ ബുദ്ധിമുട്ടുള്ള കുടുംബമാണ്. ആയതിൻ്റെ മാനസിക സംഘർഷത്തിലാണ് താൻ. ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച എന്ന് പറയുന്ന തീയതികളിലെല്ലാം ഭർത്താവ് ആശുപത്രിയിൽ അഡ്മിറ്റായിരുന്നു. ആയതിനാൽ തന്റെ അപ്പീൽ പരിഗണിച്ച് ഡിമാൻ്റ്നോട്ടിസിൽ പറയുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി സഹായിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

3. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജിൽ വെട്ടിയാർ മുറിയിൽ കിഴക്കേ അറ്റത്ത് പുത്തൻവീട്ടിൽ ശ്രീ.സാം ജോണിൻ്റെ ഭാര്യ ശ്രീമതി. മോളമ്മ സാം എന്നവരുടെ ഭൂമിയിൽ നിന്നും (ബ്ലോക്ക് നം.6, റീസർവ്വേ നം.491/2-2) ഉദ്ദേശം 400 ക്യൂബിക് മീറ്റർ മലമണ്ണ് അനധികൃതമായി ഖനനം ചെയ്ത് നീക്കയതായും മേൽ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്ന KL-03-Q-4933 (തമ്പുരാട്ടി) ജെ.സി.ബി കസ്റ്റഡിയിലെടുത്ത് പിഴ ഒടുക്കുന്നതുവരേക്കും കുറത്തികാട് പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും അറിയിച്ച് മാവേലിക്കര തഹസിൽദാർ (ഭൂരേഖ) യുടെ 08.2.2019 ലെ സി3-1369/19 കത്ത് ആലപ്പുഴ ജില്ല ആഫീസിൽ ലഭിക്കുകയുണ്ടായി. തുടർന്ന് മേൽ വാഹനത്തിൻറെ ഉടമസ്ഥനായ ശ്രീ.കെ.പി.അപ്പുക്കുട്ടൻ, കാട്ടുപറമ്പിൽ ഹൗസ്, കല്ലുമല, വെട്ടിയാർ എന്ന വ്യക്തി ജില്ലാ ഓഫീസിൽ ഹാജരായി 25,000/- The Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules, 2015 പ്രകാരം പിഴ ഒടുക്കി കുറ്റം രാജിയാക്കിയിട്ടുള്ളതാണ്.

മാവേലിക്കര തഹസിൽദാർ (ഭൂരേഖ) യുടെ കത്തിൻ്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 27.3.2019 ന് വെട്ടിയാർ വില്ലേജ് ഓഫീസർ, വെട്ടിയാർ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധന നടത്തുകയുണ്ടായി.

ജില്ലാ ഓഫീസിൽ നിന്നുള്ള 27.3.2019 ലെ സംയുക്ത പരിശോധനയിൽ -ശ്രീമതി.മോളമ്മയുടെ കൈവശത്തുള്ള വസ്തുവിൽ നിന്നും 20m x 20m x 0.60m = 240$m^3$ = 480 MT മലമണ്ണ് മാത്രമേ നീക്കം ചെയ്തിട്ടുള്ളവെന്ന് അളന്ന് തിട്ടപ്പെടുത്തി ശ്രീമതി.മോളമ്മ ഒപ്പവച്ച മഹസ്സർ തയ്യാറാക്കിയിട്ടുള്ളതാണെന്നും, തഹസിൽദാർ (ഭൂരേഖ) മാവേലിക്കരയുടെ സി3-1369/19 തീയതി 08.2.2019 ലെ കത്തിൽ ടിയാളുടെ ഭൂമിയിൽ നിന്നും 400 ക്യൂബിക് മീറ്റർ (800 മെട്രിക് ടൺ) മണ്ണ് നീക്കം ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ജില്ലാ ഓഫീസിന്റെ പരിശോധനയിൽ 240$m^3$ 480 MT മണ്ണ് മാത്രമേ നീക്കം ചെയ്തിട്ടുള്ളൂവെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ അനധികൃത ഖനനത്തിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ തക്ക കാരണമുണ്ടെങ്കിൽ ആയത് ജില്ലാ ഓഫീസിൽ 12.6.2019-ന് മുമ്പായി ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് 27.5.2019-ന് -നം.ഡിഇഎ/214/എംഎം/19 നോട്ടീസ് പ്രകാരം ശ്രീമതി.മോളമ്മയെ അറിയിച്ചിട്ടുള്ളതാണെന്നും, ആയതിന് ടിയാൾ മറുപടി നൽകാത്തതിനാൽ 28.6.2019 ന് വീണ്ടും

ഇതേ നമ്പർ നോട്ടീസ് പ്രകാരം ജില്ലാ ഓഫീസിൽ നിന്നും ഓർമ്മക്കുറിപ്പ് നൽകിയിട്ടുള്ളതാണെന്നും 05.07.2019 ന് മുമ്പായി മറുപടി നൽകാത്തപക്ഷം ഇനിയൊരറിയിപ്പ് കൂടാതെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണെന്നും ടി കത്ത് കൈപ്പറ്റാതിരുന്നതിനാൽ ശ്രീമതി മോളമ്മയ്ക്ക് കത്ത് മടക്കി നൽകി ജില്ലാ ഓഫീസിനെ രേഖാമൂലം വിവരം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വില്ലേജ് ഓഫീസർ. വെട്ടിയാറിനും 26.6.2019-ന് കത്ത് നൽകിയിട്ടുള്ളതാണെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽ പ്രസ്താവിച്ച ആശയവിനിമയങ്ങൾക്കൊന്നും മറുപടി ലഭിക്കാത്തതിനാൽ 23.4.202C ന് ഡിഎ/214/എംഎം/19 കത്ത് പ്രകാരം ശ്രീമതി.മോളമ്മയ്ക്ക് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം 480 മെട്രിക് ടൺ മണ്ണ് അനധികൃതമായി ഖനനം ചെയ്തതിന് റോയൽറ്റി ഇനത്തിൽ ഒരു മെട്രിക് ടണ്ണിന് 20/- രൂപ നിരക്കിൽ 9600/- രൂപയും വിലയിനത്തിൽ ഒരു മെട്രിക് ടണ്ണിന് 40/- രൂപ നിരക്കിൽ 19200/- രൂപയും പിഴ ഇനത്തിൽ 25000/- രൂപയും ചേർത്ത് ആകെ 53800/- (അമ്പത്തി മൂവായിരത്തി എണ്ണൂർ) രൂപ 31.5.2020 ന് മുൻപായി ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരായി ജിയോളജിസ്റ്റ് മേലൊപ്പ് വച്ച ചലാൻ മുഖേന ട്രഷറിയിൽ ഒടുക്കി മേൽ നടപടികളിൽ നിന്ന് ഒഴിവാകാവുന്നതാണെന്ന് അറിയിച്ച് നോട്ടീസ് നല്കിയിട്ടുള്ളതാണ്. മേൽ നോട്ടീസിന് എതിരെയാണ് ടിയാൾ ബഹുമാനപ്പെട്ട ജോയിൻ്ററ് സെക്രട്ടറി, വ്യവസായ (എ) വകുപ്പ് മുൻപാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. അപ്പീൽ അപേക്ഷക സ്ഥല പരിശോധനാ വേളയിൽ ഹാജരായി മഹസ്സറിൽ ഒപ്പ് വച്ചിട്ടുള്ളതാണ്. അനധികൃത ഖനനത്തിന് ടി സ്ഥലത്തുനിന്നും വാഹനം പോലീസ് പിടിച്ചെടുത്ത് നിയമ നടപടി സ്വീകരിച്ചതിൽ നിന്നും അനധികൃത ഖനനവും കടത്തും നടന്നിട്ടുണ്ടെന്ന് സ്പഷ്ടമായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും മേൽ സാഹചര്യത്തിൽ ശ്രീമതി.മോളമ്മ, കിഴക്കേ അറ്റത്ത് പുത്തൻ വീട്, വെട്ടിയാർ, താന്നികുന്ന്.പി.ഒ, ആലപ്പുഴ എന്നവർ അപ്പീൽ ഹർജിയിൽ ഉന്നയിച്ച വാദങ്ങൾ ഒന്നുംതന്നെ പരിഗണന അർഹിക്കുന്നതല്ല. സർക്കാരിലേക്ക് അടയ്ക്കേണ്ട 53800/- രൂപ അടയ്ക്കുവാൻ ബാധ്യസ്ഥയാണെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ജിയോളജിസ്റ്റിന്റെ നടപടി ചട്ടപ്രകാരമായതിനാൽ അപ്പീൽ അപേക്ഷകയിൽനിന്നും തുക ഈടാക്കാനുള്ള ഉത്തരവ് ഉണ്ടാകേണ്ടതാണ്.

4. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 29/10/2025-ന് നടത്തിയ ഹിയറിംഗിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരായെങ്കിലും, അപ്പീൽ നൽകിയയാൾ ഹാജരായില്ല. ഹാജരാകാൻ സാധിക്കാത്തതിലെ ബുദ്ധിമുട്ടുകൾ അറിയിച്ചിട്ടുമില്ല.

5. മേൽ സാഹചര്യത്തിൽ, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 23.04.2020 തീയതിയിൽ പരാമർശം (1) പ്രകാരം ഡിമാന്റ് നോട്ടീസ് നൽകികൊണ്ടുള്ള ജിയോളജിസ്റ്റിന്റെ തീരുമാനം ശരിവെച്ചുകൊണ്ട് അതിൻ പ്രകാരമുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ശ്രീമതി.മോളമ്മ, കിഴക്കേഅറ്റത്ത്, പുത്തൻവീട്, താന്നിക്കുന്ന്.പി.ഒ, ആലപ്പുഴ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി ഏകപക്ഷീയമായി (ex-parte) തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീമതി.മോളമ്മ, കിഴക്കേഅറ്റത്ത്, പുത്തൻവീട്, താന്നിക്കുന്ന്.പി.ഒ, ആലപ്പുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 20-04-2026 17:42:46
സെക്ഷൻ ഓഫീസർ